**Volume 07**
**Issue 19**
09 October, 2016

Eliyasleeva moosakalam VIII
Deut 11: 1-9
Is 40:12-17
2Cor 2:12-17
Mt 20:1-16



# EMMAUS VACHANADOOTH

## നിങ്ങളും മുന്തിരിത്തോട്ടത്തിലേയ്ക്കു ചെല്ലുവിൻ. ന്യായമായ വേതനം ഞാൻ നിങ്ങൾക്കു തരാം.



Rev Bro
Mario Paul

ഏലിയാ സ്ലീഹാ മൂശക്കാലത്തിന്റെ എട്ടാമത്തെ ആഴ്ചയിലേയ്ക്കു പ്രവേശിച്ചിരിക്കുന്ന നമുക്കായി തിരുസഭാ മാതാവ് ഇന്ന് വചന വിചിന്തനത്തിനായി നല്കിയിരിക്കുന്നത് മത്തായിയുടെ സുവിശേഷം 20 അദ്ധ്യായത്തിലെ മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ കഥ പറയുന്ന വചനഭാഗമാണല്ലോ. ഇവിടെ ഈ വചനത്തിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നത് ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചും ഒപ്പം ദൈവകാരുണ്യത്തോടുള്ള നമ്മുടെ മനോഭാവവും പ്രത്യുത്തരവും എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ചുമാണ്.

Event Organizers-ന്റെ ഈ ആധുനിക കാലഘട്ടത്തിൽ തിരുവചനം വ്യക്തമായി പറയുന്ന ഒരു കാര്യം തോട്ടത്തിന്റെ ഉടമസ്ഥൻ ഒരിക്കലും തന്റെ സ്ഥാപനത്തിൽ നിന്നും, ജോലിക്കാരിൽ നിന്നും ഒരിക്കലും അകന്നിരിക്കുന്ന ഒരാളല്ല, മറിച്ച് ജോലിക്കാരിലും കൃഷിയിടത്തിലും ഏറെ താല്പര്യവും ഒപ്പം കരുതലുമുള്ള ഒരാളാണ് എന്നു പറയുന്നു. അതുകൊണ്ടാണല്ലോ ദിവസത്തിന്റെ ഒരോ മണിക്കൂറിലും ഉടമസ്ഥൻ തന്റെ തോട്ടത്തിലേയ്ക്കു ജോലിക്കാരെ റിക്രൂട്ട് ചെയ്യുവാനായി ഇറങ്ങിപ്പുറപ്പെടുന്നത്.

തിരുവചനത്തിൽ നാം കാണുന്ന ഉടമസ്ഥൻ തന്റെ ജോലിക്കാരെ തോട്ടത്തിലേയ്ക്കു വിളിക്കുന്നതും ദൗത്യമേല്പിക്കലും ഇന്ന് നമുക്ക് നമ്മുടെ ക്രിസ്തീയ ജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ തീർച്ചയായും അത് ദൈവപിതാവിന്റെ നമ്മുടെ നേർക്കുള്ള കാരുണ്യത്തോടുള്ള പ്രത്യുത്തരമായി മനസിലാക്കുവാൻ സാധിക്കണം. ജറമിയാ പ്രവാചകന്റെ പുസ്തകം 1-ാം അദ്ധ്യായം 4-ാം വാക്യത്തിലൂടെ ദൈവം നമ്മോടിപ്രകാരം പറയുന്നു. കർത്താവ് എന്നോട് ഇപ്രകാരം അരുളിച്ചെയ്തു. "മാതാവിന്റെ ഉദരത്തിൽ നിനക്കു ഞാൻ രൂപം നൽകുന്നതിനു മുൻപു തന്നെ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധികരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു". അതേ പ്രിയമുള്ളവരെ ക്രൈസ്തവരായ നാം ഓരോരുത്തരുടേയും ജീവിതവും കടമയും ദൗത്യവുമെന്നത് അവിടുത്തെ മുന്തിരിത്തോട്ടത്തിൽ അവിടുത്തെ ആഗ്രഹത്തിനും പദ്ധതികൾക്കുമനുസരിച്ച് അവിടുത്തേയ്ക്കുവേണ്ടി ജോലി ചെയ്യുക എന്നതാണ്. അതേ പ്രിയമുള്ളവരേ, നാം ചെയ്യുന്ന പ്രവൃത്തികൾ എത്ര ചെറുതാണെങ്കിൽ പോലും എത്ര നിസ്സാരമാണെങ്കിൽ പോലും അത് ദൈവ ഹിതമനുസരിച്ചാണെങ്കിൽ അവിടുന്ന് നമ്മി

ലൂടെ ആഗ്രഹിക്കുന്ന കാര്യമാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിൽ അതിനുള്ള പ്രതിഫലം വളരെ വലുതായിരിക്കുമെന്ന് ഇവിടെ യേശു നാഥൻ അവതരിപ്പിച്ച ഉപമയിലെ ഉടമസ്ഥനിലൂടെയും ജോലിക്കാരുടെ മനോഭാവത്തിലൂടെയും കാട്ടിത്തരികയാണ്. പ്രിയമുള്ളവരേ, ഇതിനു സമാന്തരമായൊരു സുവിശേഷ ഭാഗമാണ് യേശു നാഥൻ സ്നാപകയോഹന്നാനെക്കുറിച്ചു നൽകുന്ന സാക്ഷ്യത്തിലൂടെ നമ്മോട് പറയുന്നത്. ഞാൻ നിങ്ങളോടു പറയുന്നു. സ്ത്രീകളിൽ നിന്നു ജനിച്ചവനിൽ യോഹന്നാനെക്കാൾ വലിയവനില്ല. എങ്കിലും ദൈവരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനായിരിക്കും. പ്രിയമുള്ളവരെ ഇവിടെ യോഹന്നാൻ ദൈവപുത്രനുവേണ്ടി ജനങ്ങളുടെ ഹൃദയങ്ങളെ ഒരുക്കാൻ വന്നവനായിരുന്നു. അങ്ങനെ തന്റെ ജീവിതവും പ്രവൃത്തികളുമെല്ലാം ദൈവത്തിനുവേണ്ടി സമർപ്പിച്ചവനായിരുന്നു. സ്നാപകയോഹന്നാനെങ്കിലും അവസാനം യേശു പറയുന്ന കാര്യം ദൈവരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനായിരിക്കും. അതിനർത്ഥം അവസാനം ദൈവരാജ്യത്തിൽ ദൈവതിരുമുമ്പിൽ നാമെല്ലാവരും തുല്യരാണ് എന്നല്ലേ. ഇതു തന്നെയാണല്ലോ, ജീവിതം മുഴുവൻ കൊടും പാപിയായി ജീവിച്ച് അവസാനം ദൈവരാജ്യം മോഷ്ടിച്ചെടുക്കുവാൻ കൂടി ജീവിതം രൂപപ്പെടുത്തിയ നല്ല കള്ളന്റെ ജീവിതവും നമ്മോട് പറയുന്നത്. ഇതിന്റെയൊക്കെ അർത്ഥം നമ്മുടെ ജീവിതത്തിൽ എപ്പോഴും നാം ദൈവഹിതം തേടുകയും അതിനനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്യുകയെന്നതാണ്. ഒരുപക്ഷേ, നാമൊക്കൊ ഒത്തിരി ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും വളരെ വലിയ കാര്യങ്ങൾ ചെയ്യുവാനും അങ്ങനെ അതിൽ നിന്നും വലിയ പ്രതിഫലം സ്വീകരിക്കാനുമായിരിക്കും. അതിനു നാം ഏതറ്റം വരെ പോകാനും തയ്യാറാണ്. അപ്പോൾ അവിടെ ഏന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ തളർന്നു പോകുന്നു. പിന്നെ അതിൽ പരിഭവങ്ങളായി, പ്രശ്നങ്ങളായി...........അതെ ഇതു തന്നെയാണ് നമ്മുടെ പ്രശ്നവും. നമ്മുടെ പ്രവൃത്തികളും ദൈവത്തിന്റെ ഹിതം അന്വേഷിക്കാതെ നമ്മുടെ ഇഷ്ടവും മനുഷ്യന്റെ പ്രശംസയും ആഗ്രഹിക്കുന്നു. പ്രിയമുള്ളവരെ ഇനിയുള്ള നമ്മുടെ ജീവിതത്തിൽ ഏതവസ്ഥയിലും ദൈവഹിതം കാണുവാനും അങ്ങനെ ദൈവരാജ്യത്തിനുവേണ്ടി അവിടുത്തെ മുന്തിരിത്തോട്ടം ശുശ്രൂഷ ചെയ്യുവാനും നമുക്കു സാധിക്കട്ടെ. നാം ഒരുപക്ഷെ ഒത്തിരി കാര്യങ്ങളൊന്നും ചെയ്തില്ലെന്നു വരാം. പക്ഷെ ചെയ്യുന്ന കാര്യങ്ങളൊക്കെ ദൈവസ്നേഹത്തെ പ്രതിയാക്കിയാൽ മതി. ദൈവം നമ്മെ കാത്തു കൊള്ളും. നമ്മുടെ ഹൃദയ വിചാരങ്ങൾ അറിയുന്ന ദൈവത്തിന് അതു മതി. വി. മദർതെരേസാ ഇപ്രകാരം പറയുന്നു. 'ദൈവം നമ്മേ വിളിച്ചിരിക്കുന്നത് എപ്പോഴും വിജയികളാകനല്ല, മറിച്ച് വിശ്വസ്തരാകുവാനാണ്.' ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.